# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2929** **18.08.2017-ൽ മറുപടിയ്ക്ക്**

## മത്സ്യവിത്ത് ഉല്പാദനം

**ചോദ്യം**
ശ്രീ.സണ്ണി ജോസഫ്
ശ്രീ. റോജി എം. ജോൺ

**മറുപടി**
ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉല്പാദനത്തിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കാമോ; | എ) 2017-18 സാമ്പത്തിക വർഷം, ഉൾനാടൻ മത്സ്യവികസനത്തിൽ ഉൾപ്പെടുത്തി നിലവിലുളള മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പ്രവർത്തനങ്ങൾക്കായി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർക്കലയിലെ ഓടയത്ത് ഓരുജല മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 900 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| ബി) ഈ വർഷം എത്ര കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;പദ്ധതിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | ബി) ഈ വർഷം 514 ലക്ഷം മത്സ്യകുഞ്ഞുങ്ങളും 170 ലക്ഷം ചെമ്മീൻ/കൊഞ്ച് വിത്തുകളും ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുവേണ്ടി നിലവിലുളള ഫിഷ്ഫീഡ് ഫാമുകളുടെയും ഹാച്ചറികളുടെയും പ്രവർത്തനങ്ങൾക്കായി 440 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

(signature)
**സെക്ഷൻ ആഫീസർ**